# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6837 10.07.2014-ൽ മറുപടിക്ക്**

**മഴവെള്ള സംഭരണികൾ**

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിന് മഴവെള്ള സംഭരണികൾസ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി യിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br><br>ബി എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ; | എ & ബി | ഉണ്ട്. സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ഏറ്റെടുക്കുന്ന മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി 2002 മുതൽ നടപ്പിലാക്കി വരുന്നു. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽ ക്കാലത്ത് ഉപയോഗിക്കാവുന്നതാണ് . പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം ഉപഭോക്തൃവിഹിതവുമാണ്. എൻ.ജി.ഒ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5182 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ അട്ടപ്പാടിയുടെ നവീകരണത്തി നായി കേന്ദ്ര സർക്കാരിന്റെ എസ്.ടി-എൻ.ആർ.ഡി.ഡബ്ല്യു.പി യിൽ ഉൾ പ്പെടുത്തി സ്കൂളുകളിലേക്കും, കോളനി കളിലും മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടി 130 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കു ന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |

ഇത് കൂടാതെ എ.ആർ.ഡബ്ല്യൂ.എസ്. എസ്. ലെ എസ്.സി/എസ്.ടി പദ്ധതി യിൽ പ്പെടുത്തി കുട്ടനാട് താലൂക്കിൽ 5 വീടുകൾക്ക് 25000 ലിറ്റർ ശേഷിയുള്ള ഒരു യൂണിറ്റ് എന്ന കണക്കിൽ 10 മഴവെള്ള സംഭരണ യൂണിറ്റുകൾക്കായുള്ള പണികൾ പുരോഗമിക്കുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ പ്പെടുത്തി 10000 ലിറ്റർ ശേഷിയുള്ള സംഭരണികൾ എ.പി.എൽ വിഭാഗ ത്തിൽ പ്പെടുന്ന വർക്ക് 90% സബ്സിഡി നിരക്കിലും ബി.പി.എൽ വിഭാഗത്തിൽ പെടുന്ന വർക്ക് 95% സബ്സിഡി നിരക്കിലും നിർമ്മിച്ച് നൽകുന്നു. 2012-13 സാമ്പത്തിക വർഷം അനുവദിച്ച 8.02 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ ആറ് ഗ്രാമ പഞ്ചായത്തു കളിലായി 1951 കുടുംബങ്ങൾക്ക് സംഭരണികൾ നിർമ്മിച്ചു നൽകി. 2013-14 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വകയിരുത്തിയ 4 കോടി രൂപ വിനി യോഗിച്ച് രണ്ട് ജില്ലകളിലെ നാല് ഗ്രാമപഞ്ചായത്തുകളിലായി 1125 കുടുംബ ങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നത്.

| | | | |
|---|---|---|---|
| സി | എല്ലാ സർക്കാർ കെട്ടിടങ്ങളോടനുബന്ധിച്ചും പോർട്ടബിൾ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; | സി | കേരള വാട്ടർ അതോറിറ്റിക്കോ ജലനിധിക്കോ നിലവിൽ പദ്ധതിയില്ല |

സെക്ഷൻ ഓഫീസർ